## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ3- 51685/2016/ആ.വ.ഡ തീയതി 28.07.2016
2. ഡോ. അപർണ.എസ് സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ3- 51685/2016/ആ.വ.ഡ തീയതി 13.05.2019**

ഡോ. അപർണ.എസ്, അവന്തി, മാഹി, തലശ്ശേരി, പാറൽ.പി.ഒ, കണ്ണൂർ -670671 കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി സൂചന (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 12.05.2019 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രവേശന കാലാവധി അവസാനിച്ചതിനാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. അപർണ.എസ് -നെ **കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 07 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം **കോഴിക്കോട്** ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. അപർണ.എസ്, അവന്തി, മാഹി, തലശ്ശേരി, പാറൽ.പി.ഒ, കണ്ണൂർ -670671
(താങ്കളുടെ പോലീസ് വെരിഫിക്കേഷനായുള്ള പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പൂരിപ്പിച്ച് ഒരാഴ്ച്ചയ്ക്കകം ജില്ലാ മെഡിക്കൽ ആഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
(ഡോ. അപർണ.എസ് -ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. മെഡിക്കൽ ആഫീസർ, താലൂക്ക് ആശുപത്രി കുറ്റിയാടി കോഴിക്കോട്
(ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

2165952